**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊല്ലം ജില്ല – തലവൂർ ഗ്രാമപഞ്ചായത്ത് - മഴക്കാലപൂർവ്വ ശുചീകരണം - കൊതുക നശീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആയുർവേദ ഔഷധം വാങ്ങുന്നതിന് - പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2566/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01.09.2016

---

പരാമർശം:- തലവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.05.2015 തീയതിയിലെ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ തലവൂർ ഗ്രാമപഞ്ചായത്തിൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിന് കൊതുക നശീകരണത്തിനായി ഔഷധി വിപണിയിലിറക്കിയ അപരാജിത ധൂപചൂർണ്ണം എന്ന ആയുർവേദമിശ്രിതം വാങ്ങുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തലവൂർ ഗ്രാമപഞ്ചായത്തിൽ പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൊതുക നശീകരണത്തിനായി അപരാജിത ധൂപചൂർണ്ണം എന്ന ആയുർവേദ മിശ്രിതം 1000 യൂണിറ്റ് വാങ്ങുന്നതിനായി തലവൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും രണ്ടുലക്ഷം രൂപ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സുനിൽകുമാർ എസ്.ഡി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പ്രസിഡന്റ്/സെക്രട്ടറി, തലവൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം
എക്സി. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
ധനകാര്യവകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

***ഉത്തരവിൻ പ്രകാരം,***

***സെക്ഷൻ ഓഫീസർ.***